**<u>വളരെ അടിയന്തിരം</u>**

**നമ്പർ: LF/ 01(03) /2017** **ലൈഫ് മിഷൻ കാര്യാലയം, സെക്രട്ടറിയേറ്റ്,**
**തിരുവനന്തപുരം. തീയതി: 17.10.2017.**

**പ്രേഷക,**
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**ലൈഫ് മിഷൻ.**

**സ്വീകർത്താവ്,**

1. **പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം**
2. **നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം**
3. **ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം**

**സർ,**

**വിഷയം – ലൈഫ് മിഷൻ - ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നത് – ഗ്രാമസഭ യോഗം കൂടുന്നത് – സംബന്ധിച്ച്**

**സൂചന – 1. ഈയാഫീസിലെ 17.10.2017-ലെ ഇതേ നമ്പർ കത്ത്**
**2. 31.07.2017-ലെ 151/2017/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്**

**ലൈഫ് മിഷൻ സർവ്വേയുടെ കരട് ഗുണഭോക്തൃ പട്ടികയിന്മേലുള്ള ജില്ലാതല അപ്പീലുകളിൻമേലുള്ള പരിശോധന നാളിതുവരെ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ഒക്ടോബർ 18 മുതൽ 30 വരെ തീയതികളിൽ കൂടുന്നതിന് നിശ്ചയിച്ച ഗ്രാമസഭ /വാർഡുസഭകൾ നവംബർ ആദ്യ വാരത്തിലേക്ക് മാറ്റി വയ്ക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ലഭിച്ച ജില്ലാതല അപ്പീലുകൾ മുഴുവനായും തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ ലഭിച്ച ജില്ലാതല അപ്പീലുകളുടെ 90%-ന് മുകളിലും തീർപ്പാക്കിയതായി അറിയുന്നു. ഈ സാഹചര്യത്തിൽ ഒരു ജില്ലയിലെ മുഴുവൻ അപ്പീലുകളും ജില്ലാതലത്തിൽ പരിശോധിച്ച് തീർപ്പാക്കി, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി, അവ വെബ്സൈറ്റിൽ ഡാറ്റാ എന്ട്രി നടത്തി പൊതുജന അറിവിലേക്കായി പുനഃപ്രസിദ്ധീകരിച്ച് ഗ്രാമസഭകൾ/വാർഡ് സഭകൾ കൂടുന്നതിന് സൂചന 2 ഉത്തരവിൽ വിവരിച്ചിട്ടുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയ ശേഷം പ്രസ്തുത ജില്ലകളിൽ ടി ലിസ്റ്റുകൾ അംഗീകരിക്കുന്നതിനുള്ള ഗ്രാമസഭകൾ/വാർഡ് സഭകൾ മുൻ നിശ്ചയിച്ച തീയതികളിൽ കൂടുന്നതിന് തടസ്സമില്ല എന്ന് അറിയിക്കുന്നു.**

**വിശ്വസ്തതയോടെ,**

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**